-13-

DIRECTOR
17 DEC 2015

ംംo3ം

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- ജീവനക്കാര്യം- പട്ടികജാതി വികസന വകുപ്പിനു കീഴിലെ ഐ.ടി.ഐ.കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ (കൈ) നം. 97/2015/പജപവവിവ. തിരുവനന്തപുരം, തീയതി. 16-12-2015

---

പരാമർശം -
1) സ.ഉ. (സാധാ) നം. 619/2011/പജപവവിവ തീയതി 04-07-2011
2) സ.ഉ.(കൈ)നം. 162/2014/തൊഴിൽ, തീയതി 27-12-2014
3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 03-03-2015-ലെ റ്റി2-819/14 നമ്പർ കത്ത്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം 10,000/- (പതിനായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഗസ്റ്റ് (എ.സി.ഡി) ഇൻസ്ട്രക്ടർമാരുടെ വേതനം ആദ്യ മണിക്കൂറിൽ 175/- (നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയും തുടർന്നുള്ള സമയം മണിക്കൂറിന് 125/- (നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) രൂപയും എന്ന നിരക്കിൽ വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വ്യാവസായിക പരിശീലന വകുപ്പിനു കീഴിലെ ഐ.ടി.ഐ. കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ജീവിതചെലവ് വർദ്ധിച്ച സാഹചര്യത്തിലും പട്ടികജാതി വികസന വകുപ്പിനു കീഴിലെ ഐ.ടി.ഐ.കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലെ ഐ.ടി.ഐ.കളിലെ ഗസ്റ്റ് (ട്രേഡ്) ഇൻസ്ട്രക്ടർമാരുടെ പരമാവധി പ്രതിമാസ വേതനം 10,000/- രൂപയിൽ നിന്നും 14,000/- രൂപയായും ഗസ്റ്റ് (എ.സി.ഡി) ഇൻസ്ട്രക്ടർമാരുടെ വേതനം ആദ്യ മണിക്കൂറിൽ നിലവിലുള്ള നിരക്കായ 175/- രൂപയും തുടർന്നുള്ള സമയം മണിക്കൂറിന് 125/- രൂപയിൽ നിന്നും 140/- രൂപയായും (പരമാവധി 14,000/- രൂപ) വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**അജയൻ.സി.**

അണ്ടർ സെക്രട്ടറി

ധനകാര്യ വകുപ്പിന് (യു.ഒ.77122/WW1/15/Fin, തീയതി 12-11-2015 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/- KT

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നമ്പർ.T2-819/14, dated:28/12/15**

പകർപ്പ് മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും അറിവിനും തുടർ നടപടികൾക്കുമായി അയയ്ക്കുന്നു.

പകർപ്പ്

1. ഡെപ്യൂട്ടി ഡയറക്ടർ ഉത്തരമേഖല/ ദക്ഷിണമേഖല
2. കരുതൽ ഫയൽ /അധികം

(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
ട്രെയിനിംഗ് ഓഫീസർ

ആജ്ഞാനുസരണം

സൂപ്രണ്ട്.